## ആരോഗ്യവകുപ്പ് കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (എ&റ്റി)

### നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് - ജീവനക്കാര്യം- ഫീഡർ തസ്തികയിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിന് അർഹതയുള്ളവരുടെ 1/1/2016 മുതൽ 31/10/2017 വരെയുള്ള അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) സർക്കുലർ നം. ഇ.എസ്.1-99492/17/ആ.വ.ഡ തീ: 21/6/2016.
2) സർക്കാർ ഉത്തരവ് (പി) നം. 76/2017/ആ.കു.വ തീ: 12/12/2017.
3) ഉത്തരവ് നം. ഇ.എസ്.1-99492/17/ആ.വ.ഡ/തീ: 18/5/2018

### ഉത്തരവ് നം. ഇ.എസ്.1-99492/17/ആ.വ.ഡ/തീ. 23/7/2018.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഫീഡർ തസ്തികയിൽനിന്നും തസ്തികമാറ്റം വഴി നിയമനത്തിനർഹതയുള്ളവരുടെ 1/1/2016 മുതൽ 31/10/2017 വരെയുള്ള സീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നതിനായി പരാമർശം (1) സർക്കുലർപ്രകാരം അപേക്ഷ ക്ഷണിക്കുകയുണ്ടായി.

പരാമർശം (2) സർക്കാർ ഉത്തരവ്പ്രകാരം ഫീഡർ തസ്തികയിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ ചുവടെ ചേർക്കും പ്രകരമാണ്.

(1) ജനറൽ:- പ്ലസ് ടു (സയൻസ്) വിജയം / തത്തുല്യ യോഗ്യത.
(2) ടെക്നിക്കൽ:- കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (എച്ച്.ഐ.സി) ഡിപ്ലോമ.
(3) രജിസ്ട്രേഷൻ:- കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ.

കുറിപ്പ്:- 1) നിലവിൽ 5 വർഷം സർവീസ് ഉള്ളതും എസ്.എസ്.എൽ.സി, എസ്.ഐ.സി/എച്ച്.ഐ.സി. യോഗ്യതയുള്ളവരുമായ ജീവനക്കാരെ പ്ലസ് ടു / എച്ച്.ഐ.സി. ഡിപ്ലോമ യോഗ്യതയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

2) 2008 ജൂലൈ 8ന് സർക്കാർ സർവീസിൽ ഉണ്ടായിരുന്നവരും 2010 ഡിസംബർ 31ന് ആരോഗ്യവകുപ്പിൽ ജോലിയുള്ളവരുമായവരെയും പ്ലസ് ടു / എച്ച്.ഐ.സി. ഡിപ്ലോമ യോഗ്യത യിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള മതിയായ യോഗ്യതകൾ എല്ലാമുള്ള ജീവനക്കാരുടെ 1/1/2016 മുതൽ 31/10/2017 വരെയുള്ള പ്രാഥമിക സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് പരാമർശം (3) പ്രകാരം 18/5/2018ൽ ഉത്തരവായിട്ടുള്ളതാണ്. പ്രാഥമിക സീനിയോറിട്ടി പട്ടികയിൽമേൽ അപ്പീൽ സമർപ്പിക്കുന്നതിന് 30 ദിവസത്തെ കാലാവധി നൽകുകയുണ്ടായി. നിശ്ചിത കാലാവധിക്കുള്ളിൽ ലഭിച്ച അപ്പീലുകൾ വിശദമായി പരിശോധിച്ച് സർക്കാർ ഉത്തരവ് (പി) നം. 76/2017/ആ.കു.വ/തീ 12/12/2017 പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഫീഡർ തസ്തികയിൽനിന്നും തസ്തികമാറ്റം വഴി നിയമനത്തിനർഹതയുള്ള

ജീവനക്കാരുടെ 1/1/2016 മുതൽ 31/10/2017 വരെയുള്ള അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഡോ. എ. സമീറ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്:- എല്ലാ ജീവനക്കാരും

പകർപ്പ്:- 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും
2) ഡി.എച്ച്.എസ്. ഔദ്യോഗിക വെബ് സൈറ്റ്
3) ഇ.ജി. സെക്ഷൻ
4)ഫയൽ / സ്റ്റോക്ക് ഫയൽ

**SENIORITY LIST OF FEEDER CATEGORY ELIGIBLE FOR BY-TRANSFER APPOINTMENT AS JUNIOR HEALTH INSPECTOR GR II FOR THE PERIOD FROM 1/1/16 TO 31/10/2017**

| SL NO | NAME | DATE OF BIRTH | DESIGNATION | DATE OF ENTRY IN HSD | PRESENT STATION | SCALE OF PAY | QUALIFICATION | | DATE OF ACQUIRING OF TECHNICAL QUALIFICATION |
|---|---|---|---|---|---|---|---|---|---|
| | | | | | | | GENERAL | TECHNICAL | |
| 1 | MINI M.M. | 10-03-1972 | OFFICE ATTENDANT | 15-07-2010 | PH CENTRE EZHOM KANNUR | 16500- 35700 | Pre - Degree | HIC | Dec-16 |
| 2 | KEERTHI C.C. | 18-01-1978 | FIELD WORKER | 25-09-2010 | DVC UNIT KOZHIKODE | 17000-37500 | BSc | HIC | Dec-16 |

Dr. Sameera A
Additional Director of Health Services (A&T)